LBRD-C4/264/2025-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പ് - ചന്ദനത്തോപ്പ് ഐ.ടി.ഐയിലെ വാച്ച്മാൻ ശ്രീ.ഹാഷിം.ബി-യ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.529/2026/LBR തീയതി,തിരുവനന്തപുരം, 31-03-2026

---

പരാമർശം:-
1. ചന്ദനത്തോപ്പ് സർക്കാർ ഐ.ടി.ഐയിലെ വാച്ച്മാൻ ശ്രീ.ഹാഷിം.ബി 29/08/2025-ൽ സമർപ്പിച്ച അവധി അപേക്ഷ
2. ട്രെയിനിംഗ് ഡയറക്ടറുടെ 04/11/2025 തീയതിയിലെ ഡി.ടി/5185/2025-എ7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ചന്ദനത്തോപ്പ് സർക്കാർ ഐ.ടി.ഐയിലെ വാച്ച്മാനായ ശ്രീ.ഹാഷിം.ബി, NSNSM പ്രൈവറ്റ് ഐ.ടി.ഐ-യിൽ ഫിറ്റർ ട്രേഡ് പഠിക്കുന്നതിനായി 01/09/2025 മുതൽ 31/07/2027 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചന്ദനത്തോപ്പ് സർക്കാർ ഐ.ടി.ഐയിലെ വാച്ച്മാനായ ശ്രീ.ഹാഷിം.ബി-യ്ക്ക് NSNSM പ്രൈവറ്റ് ഐ.ടി.ഐ-യിൽ ഫിറ്റർ ട്രേഡ് പഠിക്കുന്നതിനായി 01/09/2025 മുതൽ 31/07/2027 വരെ (31/08/2025 മുൻ ചേർത്ത്) കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII-B-യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ഹാഷിം.ബി, വാച്ച്മാൻ, ഐ.ടി.ഐ, ചന്ദനത്തോപ്പ് (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (27/01/2026-ലെ 3385464/LBR-1/11/26-FIN നമ്പർ നോട്ട് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 01-04-2026 10:36:55
സെക്ഷൻ ഓഫീസർ